**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** **18-03-2022 - ൽ മറുപടിയ്ക്ക്**

**തണ്ണീർത്തടങ്ങൾ സംരക്ഷിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ ഉൾപ്പടെ വിവിധങ്ങളായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കാനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും, തണ്ണീർത്തട വിസ്തൃതിയിൽ വന്നിട്ടുള്ള കുറവും ഉൾപ്പെടെയുള്ളവ കണക്കിലെടുത്ത് തണ്ണീർത്തട ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് മുഖ്യ പരിഗണന കഴിഞ്ഞ സർക്കാരും നിലവിലുള്ള സർക്കാരും ഏറ്റെടുത്തിട്ടുണ്ട്. ജലവിഭവസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ "നീർത്തടങ്ങളെ" ആധാരമാക്കി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ, "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ഇവയുടെ സംഭരണശേഷി വീണ്ടെടുക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ ഹരിതകേരളം ശീർഷകത്തിൽ പ്രത്യേക തുകയും നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും തോടുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കിയാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. |
| (ബി) | തോടുകളും കുളങ്ങളും വിവിധങ്ങളായ തണ്ണീർത്തടങ്ങളും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ഇവയുടെ കൈയ്യേറ്റം തടയുന്നതിനും കൈയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമനടപടികൾക്ക് വിധേയമാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | തോടുകൾ, കുളങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് എന്നതിനാൽ കൈയ്യേറ്റം സംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്. ഇതോടൊപ്പം, മലിനീകരണ നിയന്ത്രണ നടപടികളും നേരിട്ട് പിഴ ഈടാക്കുന്നതിനുള്ള അധികാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ കുളങ്ങൾ, തോടുകൾ എന്നിവയുടെ പുന:രുദ്ധാരണം |

| | | | |
|---|---|---|---|
| | | | ജലസേചനവകുപ്പ് ഏറ്റെടുക്കുന്ന അവസരങ്ങളിൽ, ഏതെങ്കിലും തരത്തിലുള്ള കൈയ്യേറ്റമോ, മാലിന്യ നിക്ഷേപമോ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകളായ റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും കൂടാതെ, 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം മാലിന്യനിക്ഷേപം സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാറുമുണ്ട്. |

സെക്ഷൻ ഓഫീസർ